## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 431**
**2019 ഒക്ടോബർ 29(ചൊവ്വ)-നുള്ള മറുപടിയ്ക്ക്**

ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ എഴുതിതള്ളുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തിരുന്ന, 19.12.2015 ൽ മരണപ്പെട്ട, പട്ടികജാതി സമുദായാംഗമായ കെ.കെ. പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഗതാഗത വകുപ്പിന്റെ 42/ഡി/2019/ഗത. ഫയലിന്മേൽ , ടിയാന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത്, പ്രസ്തുത തുക എഴുതിതള്ളാൻ നടപടി സ്വീകരിക്കുമോ? | സർവ്വീസിലിരിക്കെ അന്തരിച്ച കെ.കെ. പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ തുക എഴുതിത്തള്ളുന്ന വിഷയത്തിൽ നടപടിയെടുക്കുന്നത്, 17/07/2017-ലെ സ.ഉ.(പി)നം. 91/2017/ധന ഉത്തരവിലെ ഖണ്ഡിക 3(vi) പ്രകാരം ആണ്. ഇതിൽ ഭവന നിർമ്മാണ വായ്പ കേസുകളിലെ ബാധ്യത തുക എഴുതിത്തള്ളുന്നതിന് ജില്ലാ ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച ശേഷമായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ, ഫയൽ ധനകാര്യ പരിശോധന വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത ഫയലിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാനും ടി കുടുംബത്തിന് ലഭ്യമാക്കേണ്ട ആനുകൂല്യം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ടി റിപ്പോർട്ടിലെ വസ്തുതകൾ പ്രകാരം നിയമാനുസൃതമായ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ